**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3108** 18.06.2019 -ൽ മറുപടിയ്ക്ക്

**ജനസൗഹൃദ വില്ലേജാഫീസുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജാഫീസുകൾ ജനസൗഹൃദ ഓഫീസുകൾ ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും, പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. |
| (ബി) | സ്മാർട്ട് ഓഫീസ് പദ്ധതി ആവിഷ്കരിച്ചതിലൂടെ പൊതുജനങ്ങൾക്ക് വില്ലേജാഫീസുകൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ടോ; | (ബി) | ഉണ്ട് |
| (സി) | സേവനാവകാശ നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വില്ലേജാഫീസുകളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും കാലവിളംബം ഉണ്ടാകുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നികുതി സ്വീകരിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നതുൾപ്പെടെയുള്ള ഭൂമി സംബന്ധമായ എല്ലാ പരാതികൾക്കും നടപടി സ്വീകരിക്കുന്നതിനായി 26-08-2017-ലെ സ.ഉ(എം.എസ്) 303/2017-1-റവന്യൂ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**